ഐറ്റിഡി 32206/2016

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 24/09/2016

**സർക്കുലർ നമ്പർ 35/2016**

വിഷയം: -സഹകരണവകുപ്പ്- സഹകരണസംഘം രജിസ്ട്രാറുടെ പരാതി പരിഹാരസെൽ- പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നത് സംബന്ധിച്ച്

സഹകരണവകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ ഐറ്റി ഡിവിഷനിൽ പരാതി പരിഹാരസെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പരാതി പരിഹാര സെൽ വഴി ലഭിക്കുന്ന പരാതകളിൻമേൽ പരാതി ലഭിച്ച് 7 ദിവസത്തിനകം നടപടിസ്വീകരിക്കേണ്ടതും ആയതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ ഐറ്റി സെക്ഷനിലെ പരാതി പരിഹാര സെല്ലിൽ യഥാസമയം അറിയിക്കേണ്ടതുമാണ്.

ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രി, ബഹുമാനപ്പെട്ട സഹകരണ വകുപ്പു മന്ത്രി, മറ്റ് മന്ത്രിമാർ എന്നിവരുടെ ആഫീസുകളിൽ നിന്നും, പൊതുപ്രവർത്തകർ, എം എൽഎമാർ, എംപിമാർ, എന്നിവർ അയച്ചുതരുന്ന പൊതുജനങ്ങളുടെ പരാതിയും പരാതി പരിഹാരസെൽവഴി ബന്ധപ്പെട്ട ജോയിന്റ്രജിസ്ട്രാർമാർ / അപ്പെക്സ്സ്ഥാപനങ്ങൾ/ ജില്ലാസഹകരണ ബാങ്കുകൾ /സെക്ഷനുകൾ /മറ്റ് അനുബന്ധ ആഫീസുകൾ എന്നിവർക്ക് ഉടനടി ലഭ്യമാക്കുന്നതാണ്. പരാതി പരിഹാര സെൽ വഴി ലഭിക്കുന്ന പരാതികൾക്ക് മുഖ്യമായ പ്രാധാന്യം നൽകി എത്രയും വേഗം തീർപ്പ് കൽപ്പിച്ച് ടി വിവരം അപേക്ഷകനെയും പരാതി പരിഹാര സെല്ലിനെയും അറിയിക്കേണ്ടതാണ്. എല്ലാത്തരം അപേക്ഷകളിലും സാധ്യമായ തീർപ്പ് 15 ദിവസത്തിനകം ഉണ്ടാകണമെന്ന് ഇതിനാൽ നിർദ്ദേശം നൽകുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കും ബഹുമാനപ്പെട്ട സഹകരണവകുപ്പു മന്ത്രിയ്ക്കും സമയബന്ധിതമായി തന്നെ റിപ്പോർട്ട് സമർപ്പിക്കേണ്ടതുള്ളതിനാൽ ഇത്തരം പരാതികൾ എല്ലാ ജോയിന്റ് രജിസ്ട്രാർമാരും സംസ്ഥാന /ജില്ലാസഹകരണ ബാങ്ക് മേധാവികളുംവിവിധ സെക്ഷൻ സൂപ്രണ്ട്മാരും ആഫീസ് തലവൻമാരും അവരവരുടെ സവിശേഷ ശ്രദ്ധ ചെലുത്തി തീർപ്പാക്കേണ്ടതാണ്.

പരാതി പരിഹാര സെല്ലിൽ ലഭിക്കുന്ന പരാതികൾ യഥാസമയം ഇമെയിൽ മുഖാന്തിരം ബന്ധപ്പെട്ടവർക്ക് നൽകുന്നതിനാൽ ആഫീസുകളും

ബാങ്കുകളും ഇമെയിലുകൾ അതാത് സമയങ്ങളിൽ കൃത്യമായി നിരീക്ഷിച്ച് സമയബന്ധിതമായി പരാതികൾ തീർപ്പു കൽപ്പിക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ച വളരെ ഗൗരവമായി പരിഗണിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ഒപ്പ്

എസ്. ലളിതാംബിക ഐ.എ.എസ്.

സഹകരണസംഘംരജിസ്ട്രാർ

പകർപ്പ്:

1. എല്ലാ സഹകരണസംഘംജോയിന്റ്രജിസ്ട്രാർ (ജനറൽ)മാർക്കും.
2. എല്ലാജില്ലാസഹകരണ ബാങ്കുകൾക്കും
3. എല്ലാ സഹകരണസംഘംഅസിസ്റ്റന്റ്രജിസ്ട്രാർ (ജനറൽ)മാർക്കും.
4. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. സെക്ഷനുകൾക്ക്
6. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)